പതിനാലാം കേരള നിയമസഭ
പതിമൂന്നാംസമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4358 — 13/12/2018 ൽ മറുപടിക്ക്

ശബരിമലയിൽ അടിസ്ഥാന സൗകര്യങ്ങളുടെ പുനർനിർമ്മാണം

ചോദ്യം — മറുപടി

ശ്രീ.വി. അബ്ദുറഹിമാൻ — കടകംപള്ളി സുരേന്ദ്രൻ (സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ശബരിമല തീർത്ഥാടനം സുഗമമാക്കുന്നതിനും തിരക്കുകാരണം ഭക്തർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കാനുമായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | ശബരിമല തീർത്ഥാടനം സുഗമമാക്കുന്നതിനും തിരക്കുകാരണം ഭക്തർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കാനുമായി നിലയ്ക്കൽ ബേസ് ക്യാമ്പാക്കി ആവശ്യമായ സജ്ജീകരണങ്ങൾ ഒരുക്കുകയും സന്നിധാനത്തെതിരക്കിനനുസരിച്ച് നിലക്കലിൽ നിന്നും തീർത്ഥാടകരെ നിയന്ത്രിച്ച് കടത്തി വിടുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സന്നിധാനത്ത് പോലീസിന്റെ ഡിജിറ്റൽ ക്യൂ സിസ്റ്റവും ഏർപ്പെടുത്തിയിട്ടുണ്ട്. സുഗമമായ തീർത്ഥാടനം നടത്തുന്ന തിനുള്ള സുരക്ഷയും ഒരുക്കി യിട്ടുണ്ട്. |
| (ബി) | പ്രളയം തകർത്തെറിഞ്ഞ പമ്പയിലെ അടിസ്ഥാന സൗകര്യങ്ങളുടെ പുനർനിർമ്മിക്കുന്ന പ്രവൃത്തികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ; | (ബി) | പ്രളയത്തിൽ നാശനഷ്ടമുണ്ടായ പമ്പയിലെ അന്നദാന മണ്ഡപവും ഹോട്ടൽ കോംപ്ലക്സും അറ്റകുറ്റപ്പണി നടത്തി പ്രവർത്തന സജ്ജമാക്കുക യുണ്ടായി പ്രളയത്തിൽ അടിഞ്ഞ് കൂടിയ മണലും വൃക്ഷങ്ങളും നീക്കം ചെയ്ത് പമ്പാനദിയെ സാധാരണ നിലയിൽ ആക്കിയിട്ടുണ്ട്. മണ്ണിടിഞ്ഞ് പോയ സ്ഥലങ്ങൾ മണൽ ചാക്കുകൾ അടുക്കി സംരക്ഷിച്ചിട്ടുണ്ട്. നശിച്ചുപോയ ശൗചാലയങ്ങൾക്ക് പകരം പുതിയ ബയോ ടോയ് ലറ്റുകൾ, ബയോ യൂറിനലുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. പ്രളയത്തിൽ തകർന്ന പൈപ്പ് |

| | | | |
|---|---|---|---|
| | | | ലൈനുകൾ പൂർണ്ണമായും മാറ്റി പുതിയ ലൈൻ സ്ഥാപിച്ച് ശുദ്ധജലവിതരണം സജ്ജമാക്കിയിട്ടുണ്ട്. |
| (സി) | സുപ്രീംകോടതിയുടെ പുതിയ വിധിയുടെ അടിസ്ഥാനത്തിൽ കൂടുതലായി എന്തൊക്കെ സൗകര്യങ്ങളാണ് ശബരിമലയിൽ ഒരുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (സി) | സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ